ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.08.2024**

## പ്രധാനവാർത്തകൾ

1. **രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു.**

2. **കൊൽക്കത്തെയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട കേസിന്റെ തൽസ്ഥിതി റിപ്പോർട്ട് സി ബി ഐ ഇന്ന് സുപ്രീംകോടതിയിൽ സമർപ്പിച്ചു.**

3. **വയനാട് - മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ദേശീയ ഭൗമശാസ്ത്ര കേന്ദ്രത്തിലെ വിദഗ്ധസംഘം ഇന്ന് റിപ്പോർട്ട് സമർപ്പിക്കും.**

4. **വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകി സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് പ്രധാനമാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി.**

5. **ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സ്വമേധയാ കേസെടുക്കുന്നതിൽ നിയമതടസമില്ലെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. സ്ത്രീത്വത്തെ അപമാനിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നില്ലെങ്കിൽ ശക്തമായ നടപടികൾ ഉണ്ടാകുമെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ.**

==============================================

RNU TVPM

## രാഷ്ട്രപതി – പുരസ്കാരങ്ങൾ

രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിലാണ് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തത്. ചന്ദ്രയാൻ-3 ദൗത്യത്തിന് പിന്നിൽ പ്രവർത്തിച്ച I.S.R.O യിലെ ശാസ്ത്രജ്ഞർക്കാണ് പുരസ്ക്കാരം സമ്മാനിച്ചത്. Vigyan Ratna അവാർഡ് I.I.S.T മുൻ ഡയറക്ടർ പ്രൊഫ. ജി പത്മനാഭൻ ഏറ്റുവാങ്ങി. ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിങ്, ഐ.എസ്.ആർ.ഒ ചെയർമാൻ എസ് സോമനാഥ് എന്നിവർ സന്നിഹിതരായിരുന്നു. ശാസ്ത്ര-സാങ്കേതിക മേഖലയിലെ മികവിന് രാജ്യം നൽകുന്ന പരമോന്നത അംഗീകാരമാണ് രാഷ്ട്രീയ വിഗ്യാൻ പുരസ്ക്കാരം.

==================================================

## ദേശീയ ബഹിരാകാശദിനം-ജിതേന്ദ്രസിങ്

പ്രഥമ ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ഉദ്ഘാടനം ചെയ്യും. "ജീവിതങ്ങളെ സ്പർശിച്ചു കൊണ്ട് ചന്ദ്രനെ തൊടുമ്പോൾ - ഇന്ത്യയുടെ ബഹിരാകാശ ഗാഥ" എന്നതാണ് ഈ വർഷത്തെ പ്രമേയം. സമൂഹത്തിലും സാങ്കേതികവിദ്യയിലും ബഹിരാകാശ പര്യവേക്ഷണത്തിന്റെ സ്വാധീനത്തിന് ഊന്നൽ നൽകിയാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ 3 ദൗത്യം ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡർ ഇറക്കിയതിന്റെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. കേവലം ദിനാഘോഷം മാത്രമല്ല ബഹിരാകാശ മേഖലയിൽ ഇന്ത്യയുടെ ഭാവി പ്രതിഫലിപ്പിക്കുന്ന ദിനം കൂടിയാണിതെന്ന് ദിനാചരണത്തിന്റെ ഭാഗമായി

RNU TVPM

ന്യൂഡൽഹിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു.

==========================================

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദി  പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്കുമായി  ഇന്ന് കൂടിക്കാഴ്ച നടത്തും. വിവിധ ഉഭയകക്ഷി വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും. പോളിഷ് പ്രസിഡന്റ് ആൺഡ്രോ ഡൂഡയുമായും ശ്രീ മോദി ഇന്ന് സംവദിക്കും. രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെ പോളണ്ടിലെത്തിയ പ്രധാനമന്ത്രിക്ക് ഇന്ന് ഔപചാരിക വരവേൽപ് നൽകും. പോളണ്ടിലെ യുദ്ധ സ്മാരകത്തിൽ അദ്ദേഹം പുഷ്പചക്രം സമർപ്പിക്കും. പോളണ്ടിലെ വ്യവസായിക, സാമൂഹിക പ്രമുഖരുമായും പ്രധാനമന്ത്രി സംവദിക്കും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി ചർച്ച നടത്തും.

RNU TVPM

==========================================

## കൊൽക്കത്ത

കൊൽക്കത്തയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട കേസിന്റെ തൽസ്ഥിതി റിപ്പോർട്ട് സി ബി ഐ ഇന്ന് സുപ്രീംകോടതിയിൽ സമർപ്പിച്ചു.  ആർ ജി കർ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലിനെ സിബിഐ ചോദ്യം ചെയ്യുന്നത് തുടരുകയാണ്. പീഡനത്തിന് ഇരയായി കൊല്ലപ്പെട്ട, വനിത ഡോക്ടറുടെ വ്യക്തിഗത വിവരങ്ങൾ നീക്കം ചെയ്യണമെന്ന്  ഇന്ത്യയിലെ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളോട് വാർത്താവിനിമയ വിവരസാങ്കേതിക മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്.

==========================================

## മുണ്ടക്കൈ- വിദഗ്ദ്ധസംഘം

വയനാട് - മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിനെ കുറിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധസംഘം ഇന്ന് റിപ്പോർട്ട് സമർപ്പിക്കും. ഭൗമശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള സംഘമാണ് റിപ്പോർട്ട് കൈമാറുന്നത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ദുരന്തമേഖലയിലെ തുടർ പ്രവർത്തനങ്ങൾ. ദേശീയ ഭൗമ ശാസ്ത്ര കേന്ദ്രത്തിലെ ആറംഗസംഘമാണ് പുഞ്ചിരി മട്ടം മുതൽ ചൂരൽമല വരെ പരിശോധന നടത്തിയത്.

==========================================

## മുഖ്യമന്ത്രി

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും നാളെയും കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ പിണറായി കൺവെൻഷൻ സെന്ററിൽ വയനാട് ദുരിതാശ്വാസ നിധി ഫണ്ട് ശേഖരണത്തിൽ സംബന്ധിക്കുകയും നിവേദനങ്ങൾ സ്വീകരിക്കുകയും ചെയ്യും. വൈകുന്നേരം പെരിങ്ങോം ഫയർ സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിക്കുന്ന പിണറായി തുടർന്ന് സി.പി.ഐ.എം.പെരിങ്ങോം എരിയ കമ്മറ്റി ഓഫീസും ഏഴോം വെസ്റ്റ് ലോക്കൽ കമ്മറ്റി ഓഫീസും ഉദ്ഘാടനം ചെയ്യും. നാളെ രാവിലെ മാങ്ങാട്ടുപറമ്പ് കെ.എ.പി. നാലാ ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് പിണറായി എജ്യുക്കേഷൻ ഹബ്ബിൻറെ ശിലാസ്ഥാപനം നിർവഹിക്കുന്ന മുഖ്യമന്ത്രി നാളെ വൈകുന്നേരം കണ്ണൂർ കോടതി സമുച്ചയത്തിൻറെ ശിലാസ്ഥാപനവും നിർവഹിക്കും.

==========================================

PNU TVPM

## തൊഴിൽ മേള - വയനാട്

വയനാട് ജില്ലാ ഭരണകൂടത്തിന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും ആഭിമുഖ്യത്തിൽ മേപ്പാടി ദുരന്ത ബാധിത മേഖലയിലെ യുവജനങ്ങൾക്കായി 'ഞങ്ങളുമുണ്ട് കൂടെ' തൊഴിൽ മേളയ്ക്ക് നാളെ തുടക്കമാകും. കാപ്പംകൊല്ലി സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഹാളിൽ രാവിലെ 10 മണിക്ക് റവന്യൂ മന്ത്രി കെ. രാജൻ മേള ഉദ്ഘാടനം ചെയ്യും. മേപ്പാടി മുണ്ടക്കൈ ഉരുൾപ്പൊട്ടൽ ദുരിത ബാധിത മേഖലയിലെ തൊഴിൽ അന്വേഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് മേളയുടെ ലക്ഷ്യം.

========================================

## ഉരുൾപൊട്ടൽ ആപ്പ്

ഉരുൾപൊട്ടൽ സാധ്യത പ്രവചിക്കുന്ന ആപ്പ് തയ്യാറാക്കാൻ കേരള സർവകലാശാല നടപടിയാരംഭിച്ചതായി മന്ത്രി ഡോ.ആർ ബിന്ദു. സ്ലിപ്പ് -K എന്ന ആപ്പിന്റെ രൂപമാതൃകാ റിപ്പോർട്ട് സർവകലാശാല അധികൃതർ മന്ത്രിയ്ക്ക് സമർപ്പിച്ചു.

RNUTVPM

========================================

## എൽ മുരുഗൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുഗൻ ഇന്ന് നാഗർകോവിൽ സന്ദർശിച്ചു. ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ അദ്ദേഹം റോഡ് മാർഗം നാഗർകോവിലിലേക്ക് പോയി. ഇന്ന് രാവിലെ നാഗർകോവിൽ അമൃത സർവ്വകലാശാല ക്യാമ്പസിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം പങ്കെടുത്തു. കൊല്ലം ജില്ലയിൽ മാതാ അമൃതാനന്ദമയി മഠത്തിൽ ഇന്ന് വൈകിട്ട് സന്ദർശനം നടത്തിയ ശേഷം തിരുവനന്തപുരത്തേക്ക് മടങ്ങും. നാളെ രാവിലെ തിരുവനന്തപുരത്ത് നിന്ന് കേന്ദ്ര സഹമന്ത്രി ന്യൂഡൽഹിക്ക് മടങ്ങും.

==========================================

**കൊല്ലം – വാക്സിനേഷൻ**

വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകി സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് പ്രധാനമാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. 2030-ഓടെ സംസ്ഥാനത്തെ പേവിഷ വിമുക്തമാക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണ്. ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ സഹായത്തോടെ കൊല്ലം കോർപ്പറേഷൻ നടപ്പാക്കുന്ന '**റാബീസ് ഫ്രീ** കൊല്ലം പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വളർത്തുമൃഗങ്ങളെ സംബന്ധിച്ച സമഗ്രവിവരം ലഭ്യമാകുന്ന ചിപ്പ് ഘടിപ്പിക്കുന്ന '**ഇ- സമൃദ്ധ** പദ്ധതിക്ക് ഒക്ടോബർ ഒന്നിന് പത്തനംതിട്ടയിൽ തുടക്കമാകുമെന്നും മന്ത്രി അറിയിച്ചു.

==========================================

**ആന്ധ്രാപ്രദേശ് – അപകടം**

ആന്ധ്രാപ്രദേശിലെ അനകപ്പള്ളി ജില്ലയിൽ റിയാക്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് **50,000** രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

==========================================

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ

RIJU TVPM

പ്രഭാഷണ പരിപാടി മൻ കി ബാത് ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 113 ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും നാളെ വരെ അറിയിക്കാം.

========================================

## കെ എൻ ബാലഗോപാൽ

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സ്വമേധയാ കേസെടുക്കുന്നതിൽ നിയമതടസമില്ലെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. നിലവിലുള്ള നിയമം അനുസരിച്ച് മുന്നോട്ട് പോകുന്നതിൽ തടസമില്ല. സർക്കാർ നയം മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ശക്തമായ നടപടികൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

========================================

## വി ഡി സതീശൻ

ഇരകളുടെ മൊഴിയുടെ പകർപ്പ് സർക്കാരിന്റെ കൈവശമുണ്ടെന്നും എന്നിട്ടും സർക്കാർ നടപടി സ്വീകരിക്കുന്നില്ലെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കേസെടുത്ത് അന്വേഷിക്കണമെന്ന് ഭാരതീയ ന്യായ സംഹിതയുടെ 199-ാം വകുപ്പിൽ പ്രതിപാദിക്കുന്നുണ്ട്. ഇല്ലെങ്കിൽ അത് കുറ്റകരമാണ്. നാലു വർഷമായി ഈ ക്രിമിനൽ കുറ്റം സർക്കാർ ചെയ്യുകയാണ്. സർക്കാർ വേട്ടക്കാർക്കൊപ്പമാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. സ്ത്രീത്വത്തിനെതിരെയുള്ള കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നില്ലെങ്കിൽ നിയമപരമായ നടപടികളുമായ പ്രതിപക്ഷം രംഗത്തെത്തുമെന്നും അദ്ദേഹം പറഞ്ഞു.

========================================

PRD TVPM

**കോളറ- മരണം**

വയനാട് നൂൽപ്പുഴയിൽ കോളറ ബാധിച്ച് വീട്ടമ്മ മരിച്ചു. തോട്ടാമൂല കുണ്ടാണംകുന്ന് പണിയ സങ്കേതത്തിലെ വിജിലയാണ് മരിച്ചത്. ഞായറാഴ്ചയാണ് വിജില മരണപ്പെട്ടത്. രോഗലക്ഷണങ്ങളോടെ കോളനിയിലെ 10 പേർ ബത്തേരി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്. ചികിത്സയിലുള്ള 22-കാരനും കോളറ സ്ഥിരീകരിച്ചു. കോളനിയിൽ ആരോഗ്യവകുപ്പ് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

==========================================

**കാലാവസ്ഥ**

ലക്ഷദ്വീപിന് മുകളിലായി സ്ഥിതി ചെയ്തിരുന്ന ചക്രവാതച്ചുഴി മധ്യ കിഴക്കൻ അറബിക്കടലിൽ കർണാടക -ഗോവ തീരത്തിന് മുകളിൽ ന്യൂനമർദമായി ശക്തി പ്രാപിച്ചു. ഇതിന്റെ ഫലമായി കേരളത്തിൽ അടുത്ത അഞ്ച് ദിവസം വ്യാപകമായി ഇടി മിന്നലോട് കൂടിയ നേരിയ മഴക്കോ ഇടത്തരം മഴയ്ക്കോ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

RNU TVPM

==========================================

**കാസർകോട് – (ഇൻട്രോ)**

ലോറി തൊഴിലാളി സമരം ആറ് ദിവസം പിന്നിട്ടതോടെ പാചകവാതക സിലിണ്ടർ ക്ഷാമം കാസർകോട് ജില്ലയിൽ രൂക്ഷമായി. മംഗളുരുവിൽ നിന്നും പാചകവാതക സിലിണ്ടർ എത്തിക്കുന്ന കാസർകോട്, വയനാട്, കണ്ണൂർ ജില്ലകളിലെ ഉപഭോക്താക്കളെ സമരം ബാധിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ....**

**(വോയിസ്......)**

==========================================

## ആകാശവാണി – സെമിനാർ

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ആം വാർഷികത്തോടനുബന്ധിച്ച് **'പോഷക ബലം പ്രാണ ബലം'** സെമിനാറിന് തിരുവനന്തപുരത്ത് തുടക്കമായി. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സാഹിത്യകാരി റോസ് മേരി സെമിനാർ ഉദ്ഘാടനം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സ്ത്രീകളിലും കുട്ടികളിലും പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ ജില്ലാ തല ഐ.സിഡി.എസ് സെൽ, ഐ.സി.ഡി.എസ് നെടുമങ്ങാട് പ്രോജെക്ടിന്റെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

==========================================

## പെൺകുട്ടി -കേരളത്തിലെത്തിക്കും

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിനിയായ പതിമൂന്നുകാരിയെ വിശാഖപട്ടണത്ത് നിന്ന് ഉടൻ കേരളത്തിലെത്തിക്കും. **36** മണിക്കൂർ നീണ്ട തിരച്ചിലിന് ഒടുവിൽ താമ്പരം എക്സ്പ്രസിൽ നിന്നായിരുന്നു കുട്ടിയെ കണ്ടെത്തിയത്.

==========================================

## പത്തനംതിട്ട – (ഇൻട്രോ)

ആചാരപ്പെരുമയിൽ ആറന്മുള ഉത്രട്ടാതി ആചാര ജലമേള. പങ്കെടുത്തത് 26 പള്ളിയോടങ്ങൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്........)**

==========================================

RNU TVPM

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് **147** പോയിന്റ് ഉയർന്ന് **81,058** ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി **46** പോയിന്റ് നേട്ടത്തിൽ **24,815** ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. പവന് **240** രൂപ കുറഞ്ഞ് **53,440** രൂപയും ഗ്രാമിന് **30** രൂപ കുറഞ്ഞ് **6,680** രൂപയുമാണ് ഇന്നത്തെ വില.

==========================================

## ഗുസ്തി മെഡൽ

ജോർദാനിൽ നടക്കുന്ന അണ്ടർ - 17 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരം റൗനക് ദഹിയയ്ക്ക് വെങ്കലം. പുരുഷൻമാരുടെ 110 കിലോഗ്രാം വിഭാഗത്തിലാണ് മെഡൽ നേട്ടം.

RNU TVPM

==========================================

==========================================

==========================================